**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2894** **18-03-2022 - ൽ മറുപടിയ്ക്ക്**

**വനാതിർത്തിപങ്കിടുന്ന സ്വകാര്യ ഭൂമിയ്ക്കുള്ള എൻ.ഒ.സി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനാതിർത്തി പങ്കിടുന്ന സ്വകാര്യ ഭൂമിയിലെ കൈവശക്കാർക്ക് പട്ടയത്തിനും രജിസ്ട്രേഷനും മറ്റ് വിവിധ ആവശ്യങ്ങൾക്കും വനം വകുപ്പിന്റെ എൻ.ഒ.സി. ലഭിക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ തിരുവനന്തപുരം അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിളിൽ ഒരു അപേക്ഷയിൽ വനം വകുപ്പിന്റെ എൻ.ഒ.സി. നൽകുന്ന കാര്യത്തിൽ തീരുമാനം എടുക്കേണ്ടതുള്ളതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൽ പറയുന്ന ഭൂമി റവന്യൂ രേഖകളിൽ തരത്തിൽ ഉണ്ടായിട്ടുള്ള വ്യത്യാസമാണ് എൻ.ഒ.സി. നൽകാൻ കാലതാമസം നേരിടുന്നത്. ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ഇത്തരം ഭൂമികൾക്ക് വനംവകുപ്പിന്റെ എൻ.ഒ.സി. ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വിശദമാക്കുമോ; | (ബി) | എൻ.ഒ.സി. ആവശ്യമായ സ്ഥലത്തിന്റെ കരം അടച്ച രസീതി, ലൊക്കേഷൻ സർട്ടിഫിക്കേറ്റ്, ലൊക്കേഷൻ സ്കെച്ച്, ആധാരത്തിന്റെ / പട്ടയത്തിന്റെ പകർപ്പ്, കൈവശ സർട്ടിഫിക്കേറ്റ് എന്നിവ ഉൾപ്പെടെയുള്ള രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതും, ടി രേഖകളുടെ അടിസ്ഥാനത്തിൽ വില്ലേജ്, വനം സർവ്വേ സ്കെച്ച് പ്രകാരം ഫീൽഡ് പരിശോധിച്ച് അതിർത്തി രേഖപ്പെടുത്തി കയ്യേറ്റമില്ലെന്ന് ഉറപ്പ് വരുത്തിയതിന് ശേഷമാണ് അപേക്ഷകന് എൻ.ഒ.സി. അനുവദിക്കുന്നത്. |
| (സി) | കണ്ണൂർ ജില്ലയിലെ കണ്ണവം, കൊട്ടിയൂർ റെയിഞ്ചുകളിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകളിൽ നടപടിയെടുക്കാൻ ബാക്കിയുണ്ടെന്നും ആയത് എന്നത്തേയ്ക്ക് തീർപ്പാക്കാനാകുമെന്നും വ്യക്തമാക്കുമോ? | (സി) | ആയത് സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർക്കുന്നു. പ്രസ്തുത അപേക്ഷകൾ ഒരു മാസത്തിനകം തീർപ്പാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | റെയിഞ്ച് | തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം | എൻ.ഒ.സി. യുടെ ആവശ്യം |
|---|---|---|---|
| 1 | കണ്ണവം | 14 | രജിസ്ട്രേഷൻ |
| 2 | കൊട്ടിയൂർ | 12 | ലോൺ |
| 3 | കൊട്ടിയൂർ | 14 | പട്ടയം |